# ആത്യന്തികവിലയിരുത്തൽ - I 2025 - 2026

## മാതൃകാചോദ്യപേപ്പർ

## അടിസ്ഥാനശാസ്ത്രം

**ക്ലാസ് : 6** **സമയം : 2 മണിക്കൂർ 15 മിനിറ്റ്**


**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ **ആദ്യത്തെ 15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- **6** ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- **1, 3** എന്നീ ചോദ്യങ്ങൾക്ക് **ചോയ്സ്** നൽകിയിട്ടുണ്ട്. ചോയ്സുള്ള ചോദ്യങ്ങളിൽ **A, B** എന്നിവയിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

© State Assessment Cell - SCERT Kerala

**(1A)**

ചുവടെ നൽകിയിരിക്കുന്ന ഭക്ഷണ ചാർട്ട് പരിശോധിക്കൂ. നമ്മുടെ നാട്ടിലെ ഒരു കുടുംബം ഒരാഴ്ചത്തെ ഭക്ഷണത്തിൽ ഉൾപ്പെടുത്തിയ ഭക്ഷ്യവസ്തുക്കളുടെ അനുപാതമാണ് ചാർട്ടിൽ നൽകിയിരിക്കുന്നത്.




a) ഏറ്റവും കൂടുതൽ ഉൾപ്പെടുത്തിയ ഭക്ഷ്യവസ്തു ഏത്?

b) ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടുത്തിയ അനുപാതം അനുയോജ്യമാണോ? എന്തു കൊണ്ട്?

c) കുടുംബത്തിന്റെ ഭക്ഷണശീലത്തിൽ വരുത്തേണ്ട പ്രധാന മാറ്റങ്ങൾ എന്തെല്ലാം?

**അല്ലെങ്കിൽ**

**(1B)**

മൂന്ന് കുട്ടികൾ അനുഭവിക്കുന്ന ചില പ്രയാസങ്ങളും അവർ കഴിക്കുന്ന ഭക്ഷണവും നൽകിയിരിക്കുന്നത് നോക്കൂ.

- അനു (മലബന്ധം, വയറുവേദന) –ചോറ്, മത്സ്യം, മാംസം, മുട്ട, പാൽ എന്നിവ കഴിക്കാറുണ്ട്.
- ബിനു (പൊണ്ണത്തടി,വയറുവേദന) - വറുത്തതും പൊരിച്ചതുമായ ഭക്ഷണങ്ങൾ ധാരാളം കഴിക്കും, മാംസം, മുട്ട, പാൽ എന്നിവ കഴിക്കാറുണ്ട്.
- ദീപ (മലബന്ധം, അണുബാധ) – വെള്ളം തീരെ കുടിക്കാറില്ല, പഴങ്ങളും പച്ചക്കറികളും കഴിക്കാറില്ല.

a) മൂന്ന് കുട്ടികളുടെയും ആഹാരത്തിൽ ഒഴിവാക്കപ്പെട്ട ആഹാരഘടകം ഏതാണ് ?

b) ബിനുവിന്റെ ഭക്ഷണശീലം മെച്ചപ്പെടുത്തുന്നതിന് നിങ്ങൾ എന്ത് നിർദേശം നൽകും? എന്തു കൊണ്ടാണ് ഈ നിർദേശം നൽകിയത് എന്ന് വിശദമാക്കുക.

c) ദീപയുടെ ഭക്ഷണശീലത്തിൽ എന്തുമാറ്റമാണ് വരുത്തേണ്ടത് എന്ന് വിശദമാക്കുക.

© State Assessment Cell - SCERT Kerala

**(2)**

താഴെക്കൊടുത്തിരിക്കുന്ന പട്ടിക നിരീക്ഷിച്ച് വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിക്കുക.

| വിറ്റാമിൻ | അപര്യാപ്തതാ രോഗം | കഴിക്കേണ്ട ഭക്ഷണങ്ങൾ |
|---|---|---|
| വിറ്റാമിൻ എ | വായ്പുണ്ണ് | നെല്ലിക്ക, നാരങ്ങ |
| വിറ്റാമിൻ ബി | സ്കർവി | മത്സ്യം, ക്യാരറ്റ് |
| വിറ്റാമിൻ സി | നിശാന്ധത | തവിട് കളയാത്ത അരി, ചീര |

a) വിറ്റാമിൻ എ, ബി, സി എന്നിവയുടെ അഭാവത്തിൽ ഉണ്ടാകുന്ന അപര്യാപ്തതാ രോഗങ്ങളും അത് പരിഹരിക്കുന്നതിനായി കഴിക്കേണ്ട ഭക്ഷണവും ശരിയായ രീതിയിൽ ഉൾപ്പെടുത്തി പട്ടിക മാറ്റി തയ്യാറാക്കുക.

b) സ്കർവി എന്ന അപര്യാപ്തതാരോഗത്തിന്റെ ഒരു ലക്ഷണം എഴുതുക.

c) താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏത്?

**A.** രാത്രിയിൽ കാഴ്ചയില്ലാത്ത അവസ്ഥയാണ് നിശാന്ധത

**B.** നല്ല വെളിച്ചത്തിൽ നിശാന്ധതയുള്ള വ്യക്തിക്ക് കാണാൻ കഴിയും

**C.** പകൽ കാഴ്ചയില്ലാത്ത അവസ്ഥയാണ് നിശാന്ധത

**D.** നല്ല വെളിച്ചത്തിലും നിശാന്ധതയുള്ള വ്യക്തിക്ക് കാണാൻ കഴിയില്ല

**(3A)**

a) ഒരു ബാർകാന്തത്തിൽ ഇരുമ്പുപൊടി വിതറിയാൽ എന്തു സംഭവിക്കും? ബാർകാന്തത്തിൽ ഇരുമ്പുപൊടി പറ്റിപ്പിടിക്കുന്ന രീതി ചിത്രത്തിന്റെ സഹായത്തോടെ വിശദീകരിക്കുക. (നിങ്ങൾ ചിത്രീകരിച്ച കാന്തത്തിന്റെ ധ്രുവങ്ങൾ അടയാളപ്പെടുത്തണം)

© State Assessment Cell- SCERT Kerala

A, B എന്നീ രണ്ട് വസ്തുക്കളുടെ ചിത്രങ്ങളാണ് താഴെ നൽകിയിരിക്കുന്നത്

| A | B |
|---|---|

- A എന്ന വസ്തു ഒരു ബാർകാന്തത്തിനെ ആകർഷിക്കുന്നു
- B എന്ന വസ്തു ഒരു കാന്തവുമായി വികർഷിക്കുന്നു.

b) താഴെ കൊടുത്തിരിക്കുന്നവയിൽനിന്നും തെറ്റായ പ്രസ്താവന കണ്ടെത്തുക.

**A.** A ഒരു കാന്തമാകാം

**B.** B ഒരു കാന്തമാകാം

**C.** A ഒരു ഇരുമ്പ് കട്ടയാകാം

**D.** B ഒരു ഇരുമ്പ് കട്ടയാകാം

c) ചിത്രത്തിൽ നൽകിയിരിക്കുന്ന കാന്തങ്ങളെ തിരിച്ചറിഞ്ഞ് പേരെഴുതുക



**ചിത്രം 1**




**ചിത്രം 2**

**അല്ലെങ്കിൽ**

**(3B)**

ചിത്രം നിരീക്ഷിക്കൂ.




© State Assessment Cell - SCERT Kerala

a) ഈ ഉപകരണത്തിൽ കാന്തം ഉപയോഗപ്പെടുത്തുന്ന സന്ദർഭം എഴുതുക.

b) നിത്യജീവിതത്തിൽ കാന്തം പ്രയോജനപ്പെടുത്തുന്ന മറ്റൊരു സന്ദർഭം എഴുതുക.

c) താഴെക്കൊടുത്തിരിക്കുന്ന പട്ടിക നോക്കൂ. പേരും ചിത്രവും ശരിയായി. ക്രമപ്പെടുത്തിയത് ഏത് കൂട്ടമാണെന്ന് കണ്ടെത്തുക

| | |
|---|---|
| 1. ബാർകാന്തം | i.  |
| 2. കാന്തസൂചി | ii.  |
| 3. റിംഗ്കാന്തം | iii.  |
| 4. ഡിസ്ക്കാന്തം | iv.  |

**A.** 1 - i

**B.** 2 - ii

**C.** 3 - iii

**D.** 4 - iv

d) കാന്തത്തിന്റെ / വൈദ്യുതകാന്തത്തിന്റെ സവിശേഷതകൾ പരിഗണിച്ച് ഏതെങ്കിലും ഒരു പ്രശ്നം പരിഹരിക്കാൻ സഹായകരമായ ഒരു ഉപകരണം/ സംവിധാനം രൂപകല്പന ചെയ്യുക. ചിത്രംവരച്ച് അതിന്റെ ഉപയോഗം വിശദീകരിക്കുക. (സൂചന - മാലിന്യക്കൂമ്പാരത്തിൽ നിന്നും/ ജലാശയത്തിൽ നിന്നും ലോഹവസ്തുക്കൾ വേർതിരിക്കാൻ)

© State Assessment Cell - SCERT Kerala

**(4)**


a) ഒരു വൈദ്യുതകാന്തം നിർമ്മിക്കുന്നതിന് എന്തെല്ലാം സാമഗ്രികൾ ആവശ്യമാണ് ?

b) അനു നിർമ്മിച്ച വൈദ്യുതകാന്തം ഉപയോഗിച്ച് ഒരു മൊട്ടുസൂചി മാത്രമേ ഉയർത്താൻ കഴിയുന്നുള്ളൂ. കാന്തത്തിന്റെ ശക്തി വർദ്ധിപ്പിക്കാൻ ഒരു മാർഗ്ഗം നിർദേശിക്കുക

c) വിനുവിന്റെ ഗ്രൂപ്പിൽ നിർമ്മിച്ച വൈദ്യുതകാന്തം പ്രവർത്തിക്കുന്നില്ല, എന്താകാം ഇതിനുള്ള കാരണങ്ങൾ? (രണ്ട് കാരണങ്ങൾ എഴുതുക)

**(5)**

ചിത്രം നോക്കൂ.




a) ചിത്രം നിരീക്ഷിച്ച് A, B എന്നീ അസ്ഥികളുടെ പേരെഴുതുക. ഈ അസ്ഥികളുടെ പ്രധാന ധർമ്മമെന്ത് ?

b) അസ്ഥികൂടം നിർവഹിക്കുന്ന 2 ധർമ്മങ്ങൾ എഴുതുക.

c) താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനയും അതിനുള്ള കാരണവും പരിശോധിക്കുക

**പ്രസ്താവന:** പക്ഷികളുടെ അസ്ഥികൂടത്തിന് ഭാരം കുറവാണ്.

**കാരണം:** പക്ഷികളുടെ അസ്ഥികൂടം പൂർണമല്ല

© State Assessment Cell - SCERT Kerala

പ്രസ്താവനയും കാരണവും പരിശോധിച്ച് താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതാണ് ശരി എന്ന് കണ്ടെത്തുക.

**A.** പ്രസ്താവനയും കാരണവും ശരിയാണ്

**B.** പ്രസ്താവനയും കാരണവും തെറ്റാണ്

**C.** പ്രസ്താവന ശരിയും കാരണം തെറ്റുമാണ്

**D.** പ്രസ്താവന തെറ്റും കാരണം ശരിയുമാണ്

**(6)**

കുട്ടികൾ കളിമണ്ണ് ഉപയോഗിച്ച് ചില രൂപങ്ങൾ നിർമ്മിക്കുകയാണ്. ഈ നിർമ്മാണപ്രവർത്തനത്തിൽ ഏർപ്പെടാൻ അവരുടെ ശരീരത്തിലെ വിവിധ സന്ധികൾ അവർ ഉപയോഗപ്പെടുത്തുന്നുണ്ടല്ലോ.

a) ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| **പ്രവർത്തന ഘട്ടം** | **ഉപയോഗപ്പെടുത്തുന്ന ശരീരത്തിലെ സന്ധി/സന്ധികൾ** |
|---|---|
| കളിമണ്ണ് ചവിട്ടിക്കുഴയ്ക്കുന്നു | |
| നിർമ്മാണ മേശയിൽ കളിമണ്ണ് എത്തിക്കുന്നു | |
| രൂപങ്ങൾ നിർമ്മിക്കുന്നു | |

© State Assessment Cell - SCERT Kerala

b) താഴെ പട്ടികയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ നോക്കൂ. പട്ടികയിൽ നൽകിയിരിക്കുന്ന വിവരങ്ങളെ ക്രമപ്പെടുത്തി എഴുതിയിരിക്കുന്നവയിൽ ശരിയായത് ഏത്?

| സന്ധികൾ | സന്ധി ഉൾപ്പെടുന്ന ശരീരഭാഗം | പ്രത്യേകത |
|---|---|---|
| 1. പിവട്ട് സന്ധി | a. തോൾ | i. ഒരു വശത്തേക്ക് മാത്രം ചലിപ്പിക്കാൻ കഴിയുന്നു |
| 2. ബോൾ ആൻഡ് സോക്കറ്റ് സന്ധി | b. കാൽമുട്ട് | ii. ഏറ്റവും കൂടുതൽ ചലന സ്വാതന്ത്ര്യമുള്ള സന്ധി |
| 3. വിജാഗിരി സന്ധി | c. കഴുത്ത് | iii. ഒരസ്ഥി മറ്റൊന്നിൽ മുന്നോട്ടും പിന്നോട്ടും വശങ്ങളിലേക്കും തിരിയുന്നു |

**A.** 1 – c – iii, 2 – a – ii, 3 – b – i

**B.** 1 – a – i, 2 – b – ii, 3 – c – iii

**C.** 1 – a – ii, 2 – b – iii, 3 – c – i

**D.** 3 – c – ii, 2 – a – iii, 1 – b – i

c) വിജാഗിരിസന്ധിയുടെ പ്രവർത്തനം വ്യക്തമാക്കാൻ സഹായകരമായ രീതിയിൽ ഒരു മാതൃക എങ്ങനെ നിർമ്മിക്കാം? ചിത്രം വരയ്ക്കുക.

© State Assessment Cell - SCERT Kerala